**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **21-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | അഴീക്കോട് എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പള്ളിക്കുന്ന് പാലം ജംഗ്ഷൻ, ഡിവിഷൻ നം.13 പുല്ലൂപ്പി ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കണ്ണൂർ നഗരസഭയുടെ കൗൺസിൽ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏറ്റെടുത്ത് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതാണെന്നും 5 വർഷ വാറന്റി കാലാവധിക്ക് ശേഷമുള്ള തുടർപരിപാലന ചെലവുകൾ ഏറ്റെടുക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (ബി) | **അനുമതി ലഭിച്ചവ**<br><br>1. പള്ളിക്കുന്ന് പാലം ജംഗ്ഷൻ<br><br>2. ഡിവിഷൻ നം.13 പുല്ലൂപ്പി ലക്ഷം വീട് കോളനി<br><br>**അനുമതി ലഭിക്കാത്തവ**<br><br>1. കണ്ണൂർ കേർപ്പറേഷൻ കക്കാട് അരയാൽത്തറ, അത്താഴക്കുന്ന് ശ്മശാനം<br><br>(പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം.15 തീയതി.12/08/2022 പ്രകാരം പ്രസ്തുത സ്ഥലത്ത് മിനിമാസ്റ്റ് ലൈറ്റ് ആവശ്യമില്ലായെന്നും പകരം കോർപ്പറേഷന്റെ 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിഎൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.)<br><br>2. മണൽ പള്ളിയാംമൂല പ്രിൻസ് ബേക്കറിക്ക് സമീപം<br><br>( എം.പി യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നടക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് മിനിമാസ്റ്റ് ലൈറ്റ് ആവശ്യമില്ലായെന്ന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൗൺസിലിനെ |

| | | | |
|---|---|---|---|
| | | | അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പള്ളിക്കുന്ന് പാലം ജംഗ്ഷൻ, ഡിവിഷൻ നം.13 പുല്ലൂപ്പി ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ മാത്രം മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കണ്ണൂർ കോർപ്പറേഷൻ കൗൺസിൽ തീരുമാനം നമ്പർ 24, തീയതി.17/06/2023 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.)<br><br>3. പൊടിക്കുണ്ട് നെടുവപ്പൻ വയൽ<br><br>(പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 16/03/2024 പ്രകാരം പ്രസ്തുത പ്രവൃത്തി മാറ്റി വെക്കുന്നതിന് തീരുമാനിച്ചു.)<br><br>4. കൊറ്റാളി പി.എച്ച്.സി<br><br>(പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 16/03/2024 തീയതി, തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി മാറ്റി വെക്കുന്നതിന് തീരുമാനിച്ചു.) |
| (സി) | മണൽ പള്ളിയാംമൂലയിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | (സി) | മണൽ പള്ളിയാംമൂല 4-ാം റോഡ് ജംഗ്ഷനിൽ എം.പി ലാഡ്സ് 2019-20 പ്രകാരം 27/10/2022 തീയതി, കൗൺസിൽ തീരുമാനം: അടിസ്ഥാനത്തിൽ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും ശേഷം ഇലക്ട്രിസ്റ്റി ചാർജ്ജ് അടവാക്കുന്നതിനും വാറന്റി കാലാവധിക്ക് ശേഷമുള്ള തുടർപരിപാലനത്തിനും അറ്റകുറ്റപണിക്കും സമ്മതമാണെന്നും ഡെപ്യൂട്ടി മാനേജർ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ കോഴിക്കോടിനെ അറിയിച്ചിട്ടുണ്ട്.) |
| (ഡി) | കൊറ്റാളിയിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | കണ്ണൂർ കോർപ്പറേഷൻ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 16/03/2024 തീയതി, തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി മാറ്റിവെക്കുന്നതിന് തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ